# സ്റ്റാലിൻ ശിവദാസ്: ഒരു സ്റ്റൈലൻ പരാജയം

'രക്തസാക്ഷികൾ സിന്ദാബാദി'ന്റെ അച്ചിൽ വാർത്ത മറ്റൊരു ഉരുപ്പടി കൂടിയിതാ- 'സ്റ്റാലിൻ ശിവദാസ്' എന്ന സ്റ്റൈലൻ ശിവദാസ്. പക്ഷേ, കേരളത്തിൽ ഈ ചിത്രം മൂന്നാം വാരം ഓടണമെങ്കിൽ വാടകയ്ക്ക് ആളെ കൊണ്ടുവന്ന് തിയേറ്ററിലെത്തിക്കേണ്ടിവരും.

ടി.ദാമോദരൻ മാസ്റ്ററുടെ തിരക്കഥകളിൽ സാധാരണ കാണാറുള്ളതുപോലെ തന്നെ, കഴിഞ്ഞ ഒരു വർഷത്തെ ദിനപത്രങ്ങളിലെ തലക്കെട്ടുകളാണ് സ്റ്റാലിൻ ശിവദാസിന്റെയും മൂലകഥ. സി.പി.എമ്മിലെ ആഭ്യന്തര ഗ്രൂപ്പിസവും അതുണ്ടാക്കുന്ന പ്രശ്നങ്ങളുമാണ് മുഖ്യപ്രമേയം. നായനാർ, വി.എസ്., ലോറൻസ്, ഗോവിന്ദപിള്ള, കരുണാകരൻ, വെള്ളാപ്പിള്ളി നടേശൻ, ശാശ്വതികാനന്ദ തുടങ്ങിയ യഥാർത്ഥ രൂപങ്ങളുടെ ഛായാരൂപങ്ങളെ വെള്ളിത്തിരയിൽ കൊണ്ടുനടക്കുന്നതു യഥാക്രമം മധു, എൻ.എഫ്.വർഗീസ്, നാരായണൻ നായർ, നെടുമുടി, ടി.പി.മാധവൻ, ക്യാപ്റ്റൻ രാജു തുടങ്ങിയവരാണ്. യഥാർത്ഥ പേരുകളോടു സാമ്യമുള്ള പേരുകൾ തന്നെ കഥാപാത്രങ്ങൾക്കു കൊടുത്ത് കാണികളുടെ ഭാഗത്തുനിന്നുണ്ടായേക്കാവുന്ന അബദ്ധങ്ങൾ അകറ്റിയിട്ടുമുണ്ട്.

പാർട്ടി ലൈനും സി.ഐ.ടി.യു. ലൈനും തമ്മിലുള്ള കടിപിടിയിൽ സാധാരണക്കാരായ ഇടതുപക്ഷക്കാർ അസ്വസ്ഥരാണെന്ന മുൻവിധിയോടെ, രണ്ടുപക്ഷങ്ങളേയും അടുപ്പിക്കുന്ന ഒരു കോംപ്രമൈസ് കഥയും കഥാപാത്രത്തെയും ഉണ്ടാക്കിയെടുത്താൽ നാല് കാശുണ്ടാക്കാനാവുമെന്ന ധാരണയോടെയാണ് ശിവദാസിനെ ഒരുക്കിയിരിക്കുന്നത്.




ഇലയ്ക്കും മുള്ളിനും കേടുപറ്റാതെ കാര്യം സാധിക്കാനുള്ള ഈ സൂത്രപ്പണി പക്ഷേ, പ്രേക്ഷകരെ വെറുപ്പിക്കുകയാണ് ചെയ്യുന്നത്.

കേരളീയന്റെ പൊതുമനസ്സിന്റെ ധാരണകളിൽ പോറലേല്പിക്കുന്ന കുറേ സംഭവങ്ങളും വിശദീകരണങ്ങളും നിരത്തിയാണ് കഥാകൃത്ത് തന്റെ ലക്ഷ്യം നേടാനൊരുങ്ങുന്നത്. സിനിമ തുടങ്ങി ആദ്യത്തെ അഞ്ചു മിനിറ്റിനകം ശിവദാസ് (മമ്മൂട്ടി) നടത്തുന്ന രാഷ്ട്രീയ കൊലപാതകം പ്രേക്ഷകന് അംഗീകരിക്കാനാവുന്നില്ല. തുടക്കത്തിലേ സംഭവിച്ച ഈ കല്ലുകടിമൂലം നായക കഥാപാത്രവുമായി താദാത്മ്യം പ്രാപിക്കുന്നതിന് പ്രേക്ഷകനു സാധിക്കുന്നില്ല. അടുത്ത അഞ്ചു മിനിറ്റിനകം 'പാർട്ടിക്കെതിരേ നിന്നാൽ നിങ്ങളെയും കൊല്ലു'മെന്ന് ശിവദാസ് അച്ഛനോട് പറയുന്നതോടെ, തികഞ്ഞ ധാർമ്മികത പുലർത്തുന്ന ഗാന്ധിയനായ പിതാവിനെ നായകൻ എങ്ങനെ അതിനേക്കാളുയർന്ന ധാർമ്മികതകൊണ്ട് നേരിടും എന്നാലോചിച്ചിരുന്ന പ്രേക്ഷകൻ, രണ്ടാമതും ഞെട്ടുന്നു. പിന്നീടൊരിക്കലും പ്രേക്ഷകന്റെ അനുതാപം പിടിച്ചുപറ്റാൻ സ്റ്റാലിനു കഴിയുന്നില്ല. നാലഞ്ച് സഹോദരികളുള്ള ഒരു സഹോദരൻ സഹോദരികളെ അച്ചടക്കം പഠിപ്പിച്ച് വളർത്താനായി, ഒരു ഹിറ്റ്ലറായാൽ (ഹിറ്റ്ലർ സിനിമ) കേരളം അതംഗീകരിക്കും. പക്ഷേ, രാഷ്ട്രീയത്തിൽ ഒരു സ്റ്റാലിനെ കേരളീയൻ അംഗീകരിക്കില്ല. 'ഹിറ്റ്ലറെ സ്വീകരിച്ച ജനമേ, സ്റ്റാലിനേയും സ്വീകരിക്കുക' എന്ന പരസ്യവാചകം ഈ ചിത്രത്തിന് ഉപകാരപ്പെടാതെ പോയതിനു കാരണവും അതുതന്നെ.

തുടർന്നുള്ള കഥാസന്ദർഭങ്ങളിലും കേരളീയ മനസിന് എതിർദിശയിലുള്ള നീക്കങ്ങളാണ് ഉണ്ടാകുന്നത്. ഉദാഹരണങ്ങളിതാ–

വെട്ടിനിരത്തൽ സമരത്തെ കേരളത്തിന് അംഗീകരിക്കാനാവില്ല എന്നിരിക്കേ, സ്റ്റാലിൻ ശിവദാസ് പാർട്ടി കമ്മിറ്റിയിൽ അതിനെ ശക്തിയുക്തം അനുകൂലിച്ചാണ് സംസാരിക്കുന്നത്.

അബ്കാരികളിൽനിന്നും സംഭാവന പിരിക്കുന്നതിനെ സ്റ്റാലിൻ ചോദ്യം ചെയ്യുമ്പോൾ "സംഭാവന എല്ലാവരിൽനിന്നും പിരിച്ചെന്നിരിക്കും, അതിന്റെ പേരിൽ പ്രത്യേകിച്ച് ഉപകാരമൊന്നും നമ്മൾ ചെയ്തുകൊടുക്കുന്നില്ലല്ലോ" എന്നു മുഖ്യമന്ത്രി സമാധാനിപ്പിക്കുമ്പോൾ സ്റ്റാലിൻ അതു ശരിയാണെന്ന മട്ടിൽ അടങ്ങുന്നു.

ഭരണത്തിൻകീഴിൽ ഉദ്യോഗസ്ഥർ അഴിഞ്ഞാടുന്നതു ചൂണ്ടിക്കാണിക്കുമ്പോൾ "ഭരണം മാറുമ്പോൾ മന്ത്രിമാരും ഏതാനും ഉന്നത ഉദ്യോഗസ്ഥരും മാത്രമേ മാറുന്നുള്ളൂ. ബാക്കി മുഴുവനും പഴയവർ തന്നെ, അവർ പഴയ സ്വഭാവം കാട്ടും. അതിനെതിരേ ബോധവത്കരണങ്ങളാണ്, ഒറ്റതിരിഞ്ഞ ആക്രമണമല്ല വേണ്ടത്" എന്ന മുഖ്യമന്ത്രിയുടെ ഉപദേശവും സ്റ്റാലിൻ അംഗീകരിക്കുന്നു.

സേവ് സി.പി.എം. ഫോറക്കാരെന്നു കരുതി പാർട്ടി നടപടിയെടുത്തവർ യഥാർത്ഥത്തിൽ ഏറ്റവും വിശ്വസ്തരാണെന്നും സേവ് സി.പി.എം. പദ്ധതിക്കു പിറകിൽ പ്രവർത്തിച്ചത് സി.ജി.യാണെന്നും (പി.ഗോവിന്ദപിള്ളയെ സൂചിപ്പിക്കുന്ന കഥാപാത്രം) അതിനയാൾക്ക് വിദേശ ധനസഹായമുണ്ടെന്നും ചിത്രീകരിച്ചത് കഥാവസാനത്തിലെ ഏറ്റവും വലിയ വീഴ്ചയായി.

അങ്ങനെ ഇനിയും എത്രയോ അബദ്ധങ്ങൾ. ടി. ദാമോദരൻ തന്നെയല്ലേ ഇതിന്റെ കഥാകൃത്തെന്ന് സംശയിച്ചുപോകുന്നത്ര വിഡ്ഢിത്തങ്ങൾ. കണ്ടാൽതന്നെ ഒരു തരം അവലക്ഷണം തോന്നുന്ന ഒരുകൂട്ടം ജൂണിയർ ആർട്ടിസ്റ്റുകളെക്കൊണ്ട് കോളനിയിലേയും കൃഷിയിടങ്ങളിലേയും സ്ത്രീകളുടെ വേഷം കെട്ടിക്കുകയും ഗാനചിത്രീകരണ രംഗങ്ങളിൽ നായികാനായകന്മാർക്കു പുറകിൽ കുടവും കുടയുമൊക്കെ പിടിച്ചു തുള്ളാറുള്ള അർദ്ധനഗ്നകളുടെ സ്ഥാനത്ത് ചെങ്കൊടികൾ വയ്ക്കുകയും ചെയ്യുന്ന സുരേഷ് ബാബുവിന്റെ സംവിധാന മഹിമകളെ കുറിച്ച് പറയുകയേ വയ്യ.

എന്തായാലും 'രക്തസാക്ഷികൾ'ക്കു തൊട്ടുപിറകേ 'സ്റ്റാലിനും' കൂടി പൊട്ടിപ്പാളീസാവുമ്പോഴെങ്കിലും സിനിമാ ഗുരുക്കൾ ചിന്തിക്കാനൊരുങ്ങുമെന്നു കരുതാം. സിനിമയിൽ മലയാളി പ്രതീക്ഷിക്കുന്നത് പ്രതിഷേധവും പ്രതിരോധവുമാണ്– ന്യായീകരണങ്ങളല്ല.

–ചിത്രൻ